ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

ദനഹാക്കാലം – 2020

Vol.12 Issue 1



# 25–ാം വിവാഹ വാർഷികം 01–01–2020



## തോമസുകുട്ടി & നാൻസി
രാജകുലത്ത്, പൊൻകുന്നം

മക്കളാശംസകൾ



അജു



അലീന



ആൽഫിൻ

# അഭിനന്ദനങ്ങൾ



ചങ്ങനാശ്ശേരി
എസ്.ബി. കോളേജ്
വൈസ് പ്രിൻസിപ്പാളായി
നിയമിതനായ
അരിമറ്റത്തിൽ
**ഡോ. ബെന്നി മാത്യുവിന്**
പൊൻകുന്നം ഇടവകയുടെ
അഭിനന്ദനങ്ങളും
പ്രാർത്ഥനകളും

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 9 |
| നിയമബോധനം | – | 15 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോണി ചെരിപുറം | 9447135145 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



*Published by* : **The Vicar, Holy Family Forane Church, Ponkunnam. Ph: 04828- 221368**

*Layout & Printing:* **General Offset Ponkunnam Ph: 9495496974, 8848953287**

2020 ജനുവരി ലക്കം

## മുഖമൊഴി


"ഭയപ്പെടേണ്ട, ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു. (ലൂക്കാ 2: 10-11) ഈശോമിശിഹാ കൊണ്ടുവന്ന രക്ഷ സാർവ്വത്രികമാണ്. ആരെയും മാറ്റി നിറുത്താതെ രക്ഷയുടെ സത്ഫലങ്ങൾ എല്ലാവർക്കുമായി പ്രഖ്യാപനം ചെയ്യപ്പെട്ടു. എന്നാൽ ഈ രക്ഷ നമ്മിൽ എത്രപേർ സ്വന്തമാക്കുന്നുണ്ട്. സദ്‌വാർത്ത കണ്ടയുടനെ സ്വന്തമാക്കിയ ഇടയന്മാരാകട്ടെ നമ്മുടെ മാതൃക.

ലൂക്കാ 2:1-20 വായിക്കുമ്പോൾ തങ്ങളെ ഏൽപ്പിക്കപ്പെട്ട കടമകൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്ന ഇടയന്മാരെ കാണാം. അവർ രാത്രി മുഴുവൻ ആടുകളെ സംരക്ഷിച്ചു. കർത്താവിന്റെ മഹത്വം അവരുടെമേൽ പ്രകാശിച്ചപ്പോൾ അവർ ഭയപ്പെട്ടു. ദൈവസാന്നിദ്ധ്യത്തിൽ എളിമയോടെ അവർ നിന്നു. തങ്ങൾ വെറും നിസ്സാരരാണെന്നുള്ള അവബോധം അവർക്കുണ്ടായി. സദ്‌വാർത്ത കേട്ടപ്പോൾ ദൈവപുത്രനെ കാണാനുള്ള അതിയായ ആഗ്രഹത്തോടെ അതിവേഗം പോയി.....അതിവേഗം ഓടി.... രക്ഷകനെ കണ്ടവർക്ക് അടങ്ങിയിരിക്കാൻ സാധിച്ചില്ല. തങ്ങൾക്കു ലഭിച്ച ദൈവാനുഭവം മറ്റുള്ളവർക്കു പകർന്നുകൊടുക്കാൻ ....അവരെ രക്ഷയിലേയ്ക്ക് നയിക്കാൻ ആവേശത്തോടെ പോയി.....ആദ്യ വചന പ്രഘോഷകർ.....ആദ്യ സാക്ഷികൾ..... ഇടയന്മാരെപ്പോലെ എന്റെ ദൈവാനുഭവം എനിക്കു മാത്രമല്ല, സമൂഹം മുഴുവന്റെയും വിശ്വാസ വളർച്ചയ്ക്കാണ് എന്നു നമ്മുക്ക് തിരിച്ചറിയാം. ക്രിസ്തുമസ് ആഘോഷിച്ച് പുതുവർഷത്തിലേയ്ക്ക് പ്രവേശിച്ച ഈ വേളയിൽ ഇടയന്മാരുടെ മാതൃക നമ്മുക്കു സ്വന്തമാക്കാം. എളിമയോടെ, വിശ്വസ്തതയോടെ ദൈവ തിരുമുമ്പിലായിക്കൊണ്ട് മറ്റുള്ളവരെ രക്ഷയിലേയ്ക്ക് ആനയിക്കാൻ ആവേശത്തോടെ മുമ്പോട്ടു പോകാം. അങ്ങനെ 2020 എല്ലാവർക്കും അനുഗ്രഹപ്രദമാകട്ടെ!!

എല്ലാവർക്കും പുതുവത്സരത്തിന്റെ എല്ലാ മംഗളങ്ങളും ആശംസിക്കുന്നു!!.



## ഇടയമൊഴി



മിശിഹായിൽ പ്രിയരേ,

ദനഹാ തിരുനാൾ തുടങ്ങിയത് രണ്ടാം നൂറ്റാണ്ടിൽ അലെക്സാണ്ഡ്രിയായിൽ ജീവിച്ചിരുന്ന ഗ്നോസ്റ്റിക് ചിന്തകനായ ബസിലൈഡെസിന്റെ അനുയായികളുടെ ഇടയിലാണ്. കർത്താവിന്റെ മാമ്മോദീസായായിരുന്നു ഈ തിരുനാളിന്റെ വിഷയം. ജോർദ്ദാൻ നദിയിൽ വച്ച് യോഹന്നാനിൽ നിന്ന് മാമ്മോദീസാ സ്വീകരിക്കവെ ദിവ്യത്വം ഈശോയിൽ ആവസിച്ചു എന്നായിരുന്നു ബസിലൈഡെസിന്റെ വിശ്വാസം. വെറുമൊരു സാധാരണ മനുഷ്യൻ എന്നതിൽ കവിഞ്ഞ് യാതൊന്നും അതുവരെ ഈശോയിൽ ഉണ്ടായിരുന്നില്ലെന്നാണ് ഇതിന്റെ അർത്ഥം. ഇങ്ങനെ ഈശോയ്ക്ക് ദിവ്യത്വം കിട്ടിയ അവസരമെന്ന നിലയ്ക്ക് കർത്താവിന്റെ മാമ്മോദീസായ്ക്ക് അവർ പ്രാധാന്യം കൽപ്പിച്ചു.

ദനഹാതിരുനാൾ മുതൽ വലിയനോമ്പുവരെയുള്ള കാലയളവിനെയാണ് ദനഹാക്കാലം എന്നു വിളിക്കുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ തന്റെ ദിവ്യത്വം ലോകത്തിനു വെളിപ്പെടുത്തിയതിനെയും സൃഷ്ട വസ്തുക്കളെയെല്ലാം വിശുദ്ധീകരിച്ചതിനെയും ഈ കാലത്തിൽ നാം അനുസ്മരിക്കുന്നു. നമ്മുടെ വിനീതമായ സ്ഥിതിയിലേയ്ക്കിറങ്ങി ദൈവപുത്രൻ മനുഷ്യരൂപംപൂണ്ട കാര്യം അന്ന് അധികമാളുകളും അറിഞ്ഞിരുന്നില്ല. അതേരീതിയിൽ ദിവ്യത്വവും ശക്തിയുമെല്ലാം മറച്ചുവച്ച് ജീവിതത്തിന്റെ ഏറിയഭാഗവും അജ്ഞാതനായി മിശിഹാ കഴിയണമെന്നായിരുന്നു

ദൈവത്തിന്റെ പദ്ധതി. വെറുമൊരു തച്ചന്റെ മകനായി മാത്രം മറ്റുള്ളവർ കണക്കാക്കുന്നവിധം അത്രയ്ക്കും സാധാരണക്കാരനെന്ന നിലയിലായിരുന്നു ഈശോയുടെ ജീവിതം. ആ ദിവ്യത്വം പരസ്യമായത് ജോർദ്ദാൻ നദിയിൽ യോഹന്നാനിൽ നിന്ന് ഈശോ മാമ്മോദീസാ സ്വീകരിച്ചതോടെയാണ്. ആ മാമ്മോദീസായ്ക്കു തൊട്ടുമുമ്പുതന്നെ ജനക്കൂട്ടത്തിൽ നിന്നിരുന്ന ദൈവപുത്രനെ യോഹന്നാനല്ലാതെ മറ്റാരും തിരിച്ചറിഞ്ഞതുമില്ല. മാമ്മോദീസാ കഴിഞ്ഞ് ഈശോ വെള്ളത്തിൽനിന്ന് കയറിയപ്പോൾ സ്വർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ വന്നിരിക്കുകയും ചെയ്തു. “ഞാൻ ഏറ്റം സംപ്രീതനായിരിക്കുന്ന എന്റെ പ്രിയ പുത്രൻ ഇവനാകുന്നു” എന്ന ശബ്ദവും അന്തരീക്ഷത്തിൽ മുഴങ്ങി. ഇങ്ങനെ നിത്യപിതാവുതന്നെ സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തി. അതിനുശേഷം ദൈവപുത്രൻ ഈ ലോകത്തിൽ നയിച്ച ജീവിതവും, നൽകിയ പ്രബോധനവുമെല്ലാമാണ് ദനഹാക്കാലത്തിന്റെ ധ്യാനവിഷയം.

വലിയനോമ്പിന്റെ തുടക്കം ഒരു നിശ്ചിത തീയതിയിൽ അല്ലാത്തതിനാൽ അതിനു മുമ്പുള്ള ദനഹാക്കാലത്തിന്റെ ദൈർഘ്യത്തിന് ഏറ്റക്കുറവുണ്ടാകുക സാധാരണമാണ്. അതനുസരിച്ച് ഒൻപത് വെള്ളിയാഴ്ചകൾ വരെ ദനഹാക്കാലത്ത് ഉണ്ടാകുവാൻ സാധ്യതയുണ്ട്. യോഹന്നാൻ മാംദാന സുവിശേഷകന്മാർ, എസ്തപ്പാനോസ്, സഭയിലെ മൽപ്പാന്മാർ തുടങ്ങിയവരുടെ ഓർമ്മയാചരണ ദിവസങ്ങളാണിവ. ഈ കാലത്തെ ഒടുവിലത്തെ വെള്ളിയാഴ്ച സകല മരിച്ചവരുടെയും ഓർമ്മ ദിവസമാണ്. മാമ്മോദീസാ സ്വീകരിച്ച് സ്വർഗ്ഗരാജ്യത്തിന് അർഹത നേടിയ എല്ലാ പരേതരെയും ഈ കാലത്ത് അനുസ്മരിക്കുക യുക്തിസഹം തന്നെ.

*സ്നേഹത്തോടെ,*

*ജോണിയച്ചൻ (വികാരിയച്ചൻ)*

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ദൈവാലയത്തിലെ തിരുസ്വരൂപ വണക്കം വിഗ്രഹാരാധനയല്ലാതാകുന്നത് എങ്ങനെ? വിശുദ്ധ രോടുള്ള വണക്കത്തെപ്പറ്റിയും ദൈവാരാധനയെപ്പ റ്റിയുമുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

കത്തോലിക്കാ ദൈവാലയങ്ങളിൽ പരി.കന്യകാമറിയത്തി ന്റെയും വിശുദ്ധരുടെയും രൂപങ്ങൾ സ്ഥാപിക്കുകയും അവയെ അലങ്കരിക്കുകയും തിരുനാൾ ദിനങ്ങളിൽ ഈ തിരുസ്വരൂപങ്ങൾ പ്രദക്ഷിണത്തിന് എടുക്കുകയും ചെയ്യുമ്പോൾ ഉയരുന്ന ചോദ്യ മാണ് കത്തോലിക്കർ വിഗ്രഹാരാധകരോ? ഇങ്ങനെയുള്ള ചോദ്യ ങ്ങൾ ഉയരാൻ കാരണം ശരിയായ അർത്ഥത്തിൽ വി. ഗ്രന്ഥം വ്യാഖാനിക്കാത്തതിനാലും തിരുസ്വരൂപ വണക്കത്തിന്റെ പൊരുൾ എന്തെന്ന് അറിയാത്തതിനാലുമാണ്.

ഏക ദൈവവിശ്വസത്തിന്റെ മതമാണ് ക്രിസ്തുമതം. ഇസ്ര യേൽ ജനത്തെ തിരഞ്ഞെടുക്കുകയും വളർത്തുകയും പരിപാലി ക്കുകയും ചെയ്തത് ദൈവമാണ്. അതിനാൽ ദൈവം മോശയി ലൂടെ ഇസ്രായേൽ ജനത്തിന് കൽപ്പന നൽകി. “നിന്റെ ദൈവ മായ കർത്താവ് ഞാനാകുന്നു, ഞാനല്ലാതെ മറ്റൊരു ദൈവം നിന ക്കുണ്ടാകരുത്, നിനക്കായി ഒരു വിഗ്രഹവും ഉണ്ടാകരുത്, മുകളിൽ ആകാശത്തോ താഴെ ഭൂമിയിലോ, ഭൂമിക്കടിയിലെ ജലത്തിലോ

ഉള്ള ഒന്നിന്റെയും പ്രതിമയുണ്ടാക്കരുത്. നീ അവയെ കുമ്പിട്ടാരാധിക്കുകയോ സേവിക്കുകയോ ചെയ്യരുത്. (നിയ 5:6-9), (പുറ 20:3-5). ദൈവത്തിന്റെ സ്ഥാനത്ത് മറ്റൊന്നിനെയും അവരോധിക്കരുത് എന്നാണ് ഈ കൽപ്പനയുടെ സാരം. അതിനാലാണ് മരുഭൂമിയിൽ വച്ച് അഹറോന്റെ നേതൃത്വത്തിൽ ഇസ്രയേൽ ജനം കാളക്കുട്ടിയെ ഉണ്ടാക്കിയപ്പോൾ മോശയും ദൈവവും ജനത്തോട് കോപിച്ചത്. തന്റെ പേരിൽ അന്യ ദൈവങ്ങളെ നിർമ്മിച്ച് പ്രതിഷ്ഠിക്കരുതെന്നു മാത്രമാണ് ദൈവം പറഞ്ഞിട്ടുള്ളത്. രൂപങ്ങൾ നിർമ്മിക്കരുതെന്നും കൊത്തുപണികൾ ചെയ്യരുതെന്നും ദൈവം ഒരിക്കലും പറഞ്ഞിട്ടില്ല.

പുറപ്പാടിന്റെ പുസ്തകം 31:5 പറയുന്നു "യൂദാ ഗോത്രത്തിൽപ്പെട്ട ഹൂറിന്റെ മകൻ ഊറിയായുടെ മകൻ ബസാലേലിനെ ബുദ്ധിശക്തിയും വിജ്ഞാനവും നൽകി സകല ശിൽപ്പ മേഖലകളിലും വൈദഗ്ദ്ധ്യമുള്ളവനായി നിയോഗിച്ചു. സ്വർണ്ണം, വെള്ളി, ഓട് എന്നിവകൊണ്ട് പണിയുക, രത്നങ്ങൾ പണിയാനുള്ളവ ചെത്തിമിനുക്കുക, തടിയിൽ കൊത്തുപണി ചെയ്യുക എന്നിവയ്ക്കുവേണ്ടിയാണ് അവനെ നിയോഗിച്ചത്".

പുറപ്പാട് 25:18-22 ൽ പറയുന്നു: കൃപാസനത്തിന്റെ ഇരുവശങ്ങളിലായി അടിച്ചുപരത്തിയ സ്വർണ്ണംകൊണ്ട് രണ്ടു കെരൂബുകളെ നിർമ്മിക്കണമെന്ന് ദൈവംതന്നെ ആവശ്യപ്പെടുന്നു. സംഖ്യുടെ പുസ്തകം 21:8-9 ൽ ദൈവം പറയുന്നു, "ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക, ദംശന

മേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല. മോശ അപ്രകാരം ചെയ്തു. പിച്ചള സർപ്പത്തെ നോക്കിയവർ ജീവിച്ചു.

ശരീരം, ആകൃതി എന്നൊക്കെയാണ് വിഗ്രഹം എന്ന വാക്കിന്റെ സാമാന്യ അർത്ഥം. സുഖദുഃഖാദികളെ നിഗ്രഹിക്കുന്നത് എന്നാണ് അതിന്റെ നിയതാർത്ഥം. എല്ലാ പുരാതന മതങ്ങളിലും തങ്ങൾ ഇഷ്ട ദൈവങ്ങളായി കണക്കാക്കുന്നവരുടെ ബിംബങ്ങൾ ആരാധനാ വിഷയമായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദേവന്റെയോ ദേവിയുടെയോ സാന്നിദ്ധ്യം അവയിൽ ഉണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു.

എന്നാൽ കത്തോലിക്കർ അവരുടെ ദൈവാലയങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പരി. കന്യകാമറിയത്തിന്റെയും, വിശുദ്ധരുടെയും രൂപങ്ങളിൽ ഒരിക്കലും ആ വ്യക്തികളുടെ ശരീരവും ആത്മാവും ഉണ്ടെന്ന് വിശ്വസിക്കുന്നില്ല. വിശുദ്ധരുടെ പ്രതിമകളെ തിരുസ്വരൂപങ്ങൾ എന്ന് മലയാള ഭാഷയിൽ പറയുന്നത് പ്രതിമയോടുള്ള ഭക്ത്യാദരം കൊണ്ടല്ല പിന്നെയോ ആ വിശുദ്ധനോടോ വിശുദ്ധയോടോ ഉള്ള ബഹുമാനവും ആദരവും കൊണ്ടാണ്. നമ്മുടെ ഭവനങ്ങളിൽ പോലും നമ്മുടെ പൂർവ്വികരുടെയും മരണമടഞ്ഞ പ്രിയപ്പെട്ടവരുടെയും രൂപങ്ങൾ നമ്മൾ സൂക്ഷിക്കാറുണ്ട്. ഇത് നമുക്ക് അവരോടുള്ള സ്നേഹവും അടുപ്പവും കൊണ്ടാണ്. അതുപോലെ തന്നെ കത്തോലിക്കാ സഭയിൽ നമ്മുക്കു മുമ്പ് വീരോചിതമായി വിശുദ്ധ ജീവിതം നയിച്ച വിശുദ്ധരുടെ രൂപങ്ങൾ നമ്മൾ സൂക്ഷി

ക്കുന്നത് ആ വിശുദ്ധനെയോ വിശുദ്ധയെയോ ഓർക്കുവാനും അവരുടെ ജീവിതത്തിന്റെ നല്ല മാതൃക നമ്മുടെ സ്മൃതിപതങ്ങളിൽ എന്നും നിലനിർത്താനുമാണ്.

അടയാളങ്ങളും പ്രതീകങ്ങളും കൂടാതെ മനുഷ്യന് അരൂപിയായ ദൈവത്തെക്കുറിച്ച് മനസ്സിലാക്കുവാനോ, ആരാധിക്കുവാനോ പ്രയാസമാണ്. ആയതിനാലാണ് നമ്മുടെ കൂദാശകളിലും പ്രാർത്ഥനകളിലും ആരാധനാക്രമങ്ങളിലുമൊക്കെ അടയാളങ്ങളും പ്രതീകങ്ങളുമൊക്കെ ഉപയോഗിക്കുന്നത്. പൗരസ്ത്യ പാരമ്പര്യത്തിൽ ദൈവാലയങ്ങളിൽ ഛായാചിത്രങ്ങൾ ഉപയോഗിക്കുന്നതാണ് പതിവ്. പക്ഷേ ഭക്തികൾക്ക് പുതിയ മാനം കൈവരുമ്പോൾ ജനം പുതുമ ഭക്തിയിലും ആവിഷ്ക്കരിക്കും. ആരാധന ദൈവത്തിന് മാത്രമുള്ളതാണ്. മാതാവിനോടും വിശുദ്ധരോടുമുള്ളത് വണക്കമാണ്. അത് ഒരിക്കലും ആരാധനയല്ല. വിശുദ്ധരോടുള്ള വണക്കം ആരാധനയായി മാറുമ്പോൾ നമ്മൾ ഒന്നാം പ്രമാണത്തിന് എതിരായാണ് പ്രവർത്തിക്കുന്നത്. ചുരുക്കത്തിൽ വി. കുർബ്ബാനയെക്കാൾ പ്രാധാന്യം നമ്മൾ നൊവേനയ്ക്ക് നൽകുമ്പോൾ നാം ഒന്നാം പ്രമാണത്തിന്റെ ലംഘകരായി മാറുന്നു. അതിരു കവിഞ്ഞ ഭക്താഭ്യാസങ്ങൾ ചിലപ്പോഴെങ്കിലും ദൈവശാസ്ത്രത്തിനും ആരാധനാ ക്രമത്തിനും എതിരായി മാറുന്നുണ്ട്. അതിനാൽ സഭയുടെ നിയമങ്ങൾ പാലിച്ചുകൊണ്ട് യഥാർത്ഥ ക്രിസ്തുശിഷ്യരായി നമ്മുക്ക് മാറാം.

***ഫാ. ജോസഫ് ചക്കുംമൂട്ടിൽ***

***(കൊച്ചച്ചൻ)***



# സൺഡേ സ്കൂൾ

1. **ടീൻ ഫെസ്റ്റ്**

സൺഡേസ്ക്കൂളിൽ 11-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള ടീൻഫെസ്റ്റ് എന്ന ദ്വിദിന ക്യാമ്പ് ജനുവരി 11, 12 തീയതികളിൽ കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിൽ വച്ച് നടത്തുന്നതാണ്.

2. **നിലയ്ക്കൽ തീർത്ഥാടനം**

സൺഡേസ്ക്കൂളിൽ 7-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള നിലയ്ക്കൽ തീർത്ഥാടനം ജനുവരി 26-ാം തീയതി നടത്തുന്നതാണ്.

3. **പരീക്ഷ**

സൺഡേസ്ക്കൂളിലെ 10, 11, 12 ക്ലാസ്സുകാരുടെ വാർഷിക പരീക്ഷയും 4 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്ക്കോളർഷിപ്പ് പരീക്ഷയും ഫെബ്രുവരി 9-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 മുതൽ 4 വരെ നടത്തുന്ന താണ്.

4. **ഉത്ഥാനോത്സവം**

ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 1 മുതൽ 6 വരെ തീയതികളിലും 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠി ക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 7-ാം തീയതിയും നടത്തുന്നതാണ്.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## സി. വൈ. എം. എ.

1 സി.വൈ.എം.എ യുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ നടന്ന രക്തദാനവും ബ്ലഡ്ഫോറം രൂപീകരണവും വളരെ ഭംഗിയായി നടത്താൻ സാധിച്ചു.

2. സി.വൈ.എം.എ യുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ ഡിസംബർ 20 – ന് നടന്ന ചുക്കുകാപ്പി വിതരണം ഡയറക്ടർ ഫാ. ജോണി ചെരിപുറം ഉദ്ഘാടനം നിർവ്വഹിച്ചു.

3. ക്രിസ്തുമസ്സിനോടനുബന്ധിച്ച് എല്ലാ വർഷവും നടത്താറുള്ള ക്രിസ്തുമസ്സ് സന്ദേശയാത്ര ഈ വർഷവും ഡിസം. 23 ന് വളരെ ഭംഗിയായി നടത്തി.

4. 2020 ജനുവരി 12–ാം തീയതി ഞായറാഴ്ച വൈകിട്ട് 7 മണിക്ക് തിരുനാൾ പൊതുയോഗം കൂടുവാൻ തീരുമാനിച്ചു. അംഗങ്ങളെല്ലാവരും നിർബ്ബന്ധമായും യോഗത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

*ജോജി മണിയങ്കേരിൽ (ജന: സെക്രട്ടറി)*

## യുവദീപ്തി - S.M.Y.M

1. **സ്റ്റാർ നിർമ്മാണം**

എസ്.എം. വൈ.എം. അംഗങ്ങൾ എല്ലാവരും കൂടി സ്റ്റാർ നിർമ്മിക്കുകയും നവംബർ 30 ന് പള്ളിയങ്കണത്തിൽ സ്ഥാപിക്കുകയും ചെയ്തു.

2. **യൂണിറ്റ് ഇലക്ഷൻ**

ഡിസംബർ 1 ന് അടുത്ത വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പുതിയ ഭാരവാഹികൾ എ സെക്ഷൻ :- സാം വടശ്ശേരിൽ

(പ്രസിഡന്റ്), ജിൽബി കുരീക്കാട്ട് (വൈസ് പ്രസി), സച്ചിൻ കുഴിവേലി (ജനറൽ സെക്രട്ടറി), ഡോണ തെക്കേക്കാപ്പിൽ (സെക്രട്ടറി), ആൽബിൻ രണ്ടുപ്ലാക്കൽ (ട്രഷറർ), ജിതിൻ കോയിപ്പുറം, അമല കൈമഠംതുരുത്തിയിൽ (കൗൺസിലേഴ്സ്)

ബി. സെക്ഷൻ:- മാർഗരറ്റ് തഴയ്ക്കൽ (പ്രസി), അജയ് കിളിരൂപ്പറമ്പിൽ (വൈ. പ്രസി), ആൻ മേരി മണിയങ്കേരിൽ (ജനറൽ സെക്രട്ടറി), പവൻ കൊച്ചുപറമ്പിൽ (സെക്രട്ടറി), ഡോണിയ തെക്കേക്കാപ്പിൽ (ട്രഷറർ), ആൽഫിൻ താളിയാനിയിൽ, കെവിൻ പുതുപ്പറമ്പിൽ (കൗൺസിലേഴ്സ്)

3. **സവ്റാ 2019**

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നടന്ന സവ്റാ 2019 ൽ എല്ലാ ഭാരവാഹികളും പങ്കെടുത്തു.

4 **കേക്ക് മേള**

ക്രിസ്തുമസിനോടനുബന്ധിച്ച് കേക്ക്മേള നടത്തി. അതിൽനിന്നു ലഭിച്ച ലാഭവിഹിതം ഇടവകയിലെ പാവപ്പെട്ടവർക്കുവേണ്ടി മാറ്റിവച്ചു.

5. **കാപ്പി വിതരണം**

22-12-19 ന് പൊൻകുന്നം ജനമൈത്രി പോലീസുമായി ചേർന്ന് ശബരിമല യാത്രികർക്ക് ചുക്കുകാപ്പി വിതരണം നടത്തി.

***സച്ചിൻ കുഴിവേലിൽ (സെക്രട്ടറി)***

## മാതൃവേദി

1. മാതൃവേദി പൊൻകുന്നം ഫൊറോനാ വാർഷികം 18-12-19 ബുധനാഴ്ച അൽഫോൻസാ അജപാലന ഹാളിൽവെച്ച് നടന്നു. നമ്മുടെ യൂണിറ്റിൽ നിന്ന് 12 ഓളം അംഗങ്ങൾ പങ്കെടുത്തു.

2. മാതൃവേദി രൂപതാ വാർഷികം 15-12-19 ൽ പൊടിമറ്റത്തുവച്ച് നടന്നു. പ്രസ്തുത സമ്മേളനത്തിൽവച്ച് രൂപതയിലെ ഏറ്റവും നല്ല യൂണിറ്റിനുള്ള സമ്മാനം പൊൻകുന്നം യൂണിറ്റിന് ലഭിച്ചു.

*ബിന്ദു റ്റിജോ തേക്കുംതോട്ടം* (സെക്രട്ടറി)

## ചെറുപുഷ്പ മിഷൻലീഗ്

1. മിഷൻലീഗ് അംഗങ്ങൾ പത്രകളക്ഷൻ നടത്തി. കിറ്റുകൾ വിതരണം ചെയ്തു.
2. കിടപ്പുരോഗികൾക്ക് കേക്ക് വിതരണം നടത്തി.

*ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)*

## പിതൃവേദി

പൊൻകുന്നം ഹോളിഫാമിലി ഫൊറോനാ പള്ളി പിതൃവേദി യൂണിറ്റിന്റെ 6-ാമത് പൊതുയോഗം 2019 ഡിസംബർ മാസം 22-ാം തീയതി അൽഫോൻസാ ഹാളിൽ ഫാദർ ജോണി ചെരിപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ അസി. വികാരി ഫാ. ഉല്ലാസ് ചക്കുംമൂട്ടിൽ സന്നിഹിതനായിരുന്നു.

ക്രിസ്തുമസ്സിനോടനുബന്ധിച്ച് പുൽക്കൂടു മത്സരവും പാതിരാ കുർബ്ബാനയ്ക്കുശേഷം കേക്കും, ചുക്കുകാപ്പി വിതരണവും നടത്തി. പുൽക്കൂടു മത്സരത്തിൽ മൊളോപ്പറമ്പിൽ ഷിബു സക്കറിയ സ്പോൺസർ ചെയ്ത ഒന്നാം സമ്മാനമായ 5001/- രൂപയ്ക്ക് സെന്റ് ജൂഡ് (46) കൂട്ടായ്മയും, വട്ടയ്ക്കാട് മോൻസ് മാനുവൽ സ്പോൺസർ ചെയ്ത രണ്ടാം സമ്മാനമായ 3001/- രൂപയ്ക്ക് വി. ജോൺ ക്രിസോസ്റ്റം (18) കൂട്ടായ്മയും, പൊൻകുന്നം പെയിന്റ് ആന്റ് പെയിന്റ്സ് സ്പോൺസർ ചെയ്ത മൂന്നാം സമ്മാനമായ 2001/- രൂപയ്ക്ക് വി.ഫ്രാൻസിസ് അസ്സീസി (25) കൂട്ടായ്മയും അർഹരായി.

*എം.റ്റി. ജോൺ പൂലാനിമറ്റത്തിൽ (സെക്രട്ടറി)*

## വിൻസെൻഷ്യൻ വേദി

ദത്തു കുടുംബങ്ങൾക്ക് സ്ഥിരം നൽകുന്ന സഹായങ്ങൾക്കു പുറമെ ചികിത്സാസഹായമായി 15000/- രൂപയും ഭവന നിർമ്മാണത്തിനായി 35000/- രൂപയും വിവാഹസഹായമായി 12000/- രൂപയും ചെലഴിച്ചു. 2018-19 വർഷത്തിലെ വാർഷിക റിപ്പോർട്ട് അച്ചടിച്ച് വിതരണം നടത്തി വരുന്നു. സൊസൈറ്റി അംഗങ്ങൾ ഈ വർഷത്തെ ഭവന സന്ദർശനം ആരംഭിച്ചു.

*തോമസ് നരിതൂക്കിൽ (സെക്രട്ടറി)*

## കത്തോലിക്കാ കോൺഗ്രസ്

ഡിസംബർ 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് അംഗങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഫീസും പരിസരവും വൃത്തിയാക്കി. അന്നേ ദിവസം വൈകിട്ട് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം അൽഫോൻസാ ഹാളിൽ വച്ച് ഡയറക്ടർ ഫാ. ജോണി ചെരിപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് പബ്ലിഷ് ചെയ്ത പാരിഷ് ഡയറക്ടറി 2019 - ന്റെ ആഡിറ്റു ചെയ്ത വരവുചെലവ് കണക്ക് വായിച്ച് ഏകകണ്ഠേന പാസ്സാക്കി.

സംഘടനയുടെ രണ്ടാമത് യൂണിറ്റ് വാർഷികം ഡിസംബർ 28 ന് സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം സംഘടനയുടെ ആഫീസ് പരിസരത്തുവച്ച് ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. അംഗങ്ങളെ കൂടാതെ ഫൊറോന രൂപതാ ഭാരവാഹികൾ പങ്കെടുത്തു. യോഗത്തിനുശേഷം പൂത്തിരികളും നിലാത്തിരികളും പടക്കങ്ങളും മീറ്റിംഗ് കൂടുതൽ ഊഷ്മളമാക്കി. ഡിന്നറോടുകൂടി യോഗം പര്യവസാനിച്ചു.

*ജോസ് വെച്ചൂക്കുന്നേൽ* (സെക്രട്ടറി)



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. മറിയം കുരീക്കാട്ട്
2. സെറ തൊമ്മിത്താഴെ
3. ജോസഫ് തകിടിയേൽ

## ഓർമ്മകളിലേയ്ക്ക്

1. മറിയം വീട്ടുവേലിക്കുന്നേൽ



## നമ്മൾ ഒന്നായി

1. ജോസഫ് & അജിത പുത്തൻവീട്

## അറിയിപ്പ്

**ഇടവക തിരുനാൾ**

**2020 ജനുവരി 16, 17, 18, 19**

**തീയതികളിൽ നടത്തപ്പെടുന്നു**

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

# ക്രിസ്ത്യൻ വിവാഹമോചന നിയമം

കുടുംബ ബന്ധങ്ങൾ ശിഥിലമായിരിക്കുന്ന ഈ സാഹചര്യത്തിൽ വിവാഹബന്ധം വേർപ്പെടുത്തുവാൻ ധാരാളം ആൾക്കാർ കോടതിയെ സമീപിക്കുന്ന ഇക്കാലത്തിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് വിവാഹബന്ധം വേർപ്പെടുത്തുവാൻ കഴിയുക എന്നത് ചുവടെ ചേർക്കുന്നു.

1. വ്യഭിചാരം ചെയ്യുക.
2. മതപരിവർത്തനം നടത്തുക
3. ഏഴുകൊല്ലക്കാലത്തേക്ക് എതിർകക്ഷിയെപ്പറ്റി യാതൊരു വിവരവും ഇല്ലാതിരിക്കുക. (ഇത് സംബന്ധിച്ച് ഒരു ക്രൈം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്)
4. ഹർജി കൊടുക്കുന്നതിന് തൊട്ടുമുമ്പ് കുറഞ്ഞത് രണ്ടു വർഷം തുടർച്ചയായി മാനസിക രോഗമോ, കുഷ്ഠരോഗമോ, ലൈംഗികരോഗമോ ഉണ്ടായിരിക്കുക.
5. ദാമ്പത്യബന്ധം പൂർത്തീകരിക്കാതിരിക്കുക
6. രണ്ടു വർഷമോ അതിൽ കൂടുതലോ കാലമായിട്ട് വിവാഹബന്ധം പുനഃസ്ഥാപിക്കുവാനുള്ള കോടതി ഉത്തരവ് പാലിക്കാതിരിക്കുക.
7. വിവാഹബന്ധം വേർപ്പെടുത്തുന്നതിനുള്ള ഹർജി കൊടുക്കുന്നതിന് തൊട്ട് മുൻപ് കുറഞ്ഞത് രണ്ടു വർഷമായിട്ടെങ്കിലും ഇരുകൂട്ടരും പരസ്പരം ഉപേക്ഷിച്ച ജീവിക്കുക.
8. ഒരുമിച്ച് ജീവിക്കാനാവാത്തവിധം എതിർകക്ഷി ക്രൂരമായി

പെരുമാറുക.

ഇതിനും പുറമേ ബലാൽസംഗത്തിനോ പ്രകൃതിവിരുദ്ധ രതി വൈകൃതങ്ങൾക്കോ തന്നെ വിധേയയാക്കിയെന്നാരോപിച്ച് ഭാര്യയ്ക്ക് ഭർത്താവിനെതിരെ ഹർജി കൊടുക്കാവുന്നതാണ്. വിവാഹം നിയമത്തിന്റെ ദൃഷ്ടിയിൽ തികച്ചും അസാധുവാകുന്ന സന്ദർഭങ്ങളുമുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. വിവാഹ സമയത്തും അതിന് ശേഷവും എതിർകക്ഷിക്ക് ലൈംഗികശേഷിയില്ലാതിരിക്കുക.
2. രക്തബന്ധമുള്ളവർ തമ്മിൽ വിവാഹിതരാകുക.
3. വിവാഹസമയത്ത് മന്ദബുദ്ധിയോ ചിത്തഭ്രമമുള്ള ആളോ ആയിരിക്കുക.
4. ഭാര്യയോ , ഭർത്താവോ ജീവിച്ചിരിക്കുമ്പോൾ ഒരാൾ മറ്റൊരു വിവാഹം നടത്തുക.

വിവാഹത്തിന് സമ്മതം വാങ്ങിയത് ബലം പ്രയോഗിച്ചോ കബളിപ്പിച്ചോ ആണെന്നുവന്നാൽ വിവാഹം അസാധുവാകും. അസാധുവാണെന്ന് പ്രഖ്യാപിക്കുവാൻ കുടുംബകോടതിയെ സമീപിക്കാം. വിവാഹമോചന ഉത്തരവ് ഹൈക്കോടതി സ്ഥിരീകരിക്കണമെന്നുള്ള നിബന്ധന നിലവിൽ ഇല്ലാത്തതാണ്.

മറ്റൊരു സുപ്രധാന ഭേദഗതി പരസ്പര സമ്മതപ്രകാരം വിവാഹബന്ധം വേർപ്പെടുത്തുന്നതിന് ഹർജി കൊടുക്കാമെന്നുള്ളതാണ്. ഒരുമിച്ചു ജീവിക്കാനാവാതെ രണ്ടു വർഷത്തിനുമേൽ വേർപിരിഞ്ഞ് താമസിക്കുന്ന സാഹചര്യത്തിൽ പരസ്പരം സമ്മതിച്ച് വിവാഹമോചനത്തിന് ഹർജി കൊടുക്കാവുന്നതാണ്. വിവാഹബന്ധം വേർപ്പെടുത്തുന്നതിന് ഇരുകൂട്ടരും യോജിച്ചിട്ടുള്ള ഹർജി എളുപ്പമായിരിക്കും.

# നൂറുമേനി

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും. (യോഹ. 6 : 51)

ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല (യോഹ. 6 : 35)

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. (യോഹ. 6 : 54)

എന്റെ ശരീരം യഥാർത്ഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർത്ഥ പാനീയവുമാണ്. (യോഹ. 6 : 56)

അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ അപ്പമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾ ചെയ്തു; വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. (മത്താ. 26 : 26)



ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. (മത്താ. 26 : 28)

നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത് (1 കോറി. 11 : 26)

**എല്ലാ സൺഡേസ്കൂൾ കുട്ടികളും ഇത് മനഃപാഠമാക്കേണ്ടതാണ്.**

# DHANACHAKRA

**Leasing and Hire Purchase Co.Pvt.Ltd.**

Head Office : **Piravom** Branch : **Kodungoor**

## GOLD LOAN | BUSINESS LOAN

(A Non - Banking Finance Company)
Approved by RBI ( NBFC)

**ഗോൾഡ് ലോൺ**

**ബിസിനസ്സ് ലോൺ**

**വെഹിക്കിൾ ലോൺ**









MD & CEO - Jose Manuel Vattakattu | Chairman - MM Chacko Mlakuzhiyil

9946848899